മാതൃഭൂമി

16 July 2022

# സി.എം.എഫ്.ആർ.ഐ.ക്ക് ദേശീയ അംഗീകാരം

## വാർഷിക റിപ്പോർട്ടിനും ഡോക്ടറൽ ഗവേഷണ പ്രബന്ധത്തിനും പുരസ്കാരം



▶ ഡോ. എം. അനുശ്രീ

കൊച്ചി▸ ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐ.സി.എ.ആർ.) രണ്ട് ദേശീയ പുരസ്കാരങ്ങൾ സ്വന്തമാക്കി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.). മികച്ച വാർഷിക റിപ്പോർട്ടിനുള്ള പുരസ്കാരവും മികച്ച ഡോക്ടറൽ പ്രബന്ധത്തിനുള്ള ജവാഹർലാൽ നെഹ്റു പുരസ്കാരവുമാണ് സി.എം.എഫ്.ആർ.ഐ.ക്ക് ലഭിച്ചത്.

2020-ലെ സി.എം.എഫ്.ആർ.ഐ.യുടെ ഗവേഷണ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി പ്രസിദ്ധീകരിച്ച വാർഷിക റിപ്പോർട്ടിനാണ് പുരസ്കാരം. ഡോ. എം. അനുശ്രീയാണ് മികച്ച ഗവേഷണ പ്രബന്ധത്തിനുള്ള പുരസ്കാരം നേടിയത്. കടൽ പായലിൽനിന്ന് വേർതിരിച്ചെടുക്കുന്ന ജൈവ സംയുക്തങ്ങളുടെ ഔഷധമൂല്യങ്ങളുമായി ബന്ധപ്പെട്ട ഗവേഷണ പ്രബന്ധമാണിത്.

സി.എം.എഫ്.ആർ.ഐ.യിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കാജൽ ചക്രവർത്തിക്ക് കീഴിലായിരുന്നു ഗവേഷണം. 50,000 രൂപയും പ്രശസ്തിപത്രവും വെള്ളി മെഡലുമടങ്ങുന്നതാണ് പുരസ്കാരം.